LIBRARY ARCHIVES Kerala Legislative Assembly

ലക്ഷം രൂപയുടെ 20 ശതമാനമായ 40,00,000 രൂപ മാത്രമാണ് വകയിരുത്തിയിരുന്നത്. ടി പ്രവൃത്തിക്കുവേണ്ടി വരന്തരപ്പള്ളി പഞ്ചായത്ത് അധികൃതരുടെയും ജനപ്രതിനിധികളുടെയും കർഷക സമിതിയുടെയും സഹകരണം ഉറപ്പാക്കി എസ്റ്റിമേറ്റ് തയ്യാറാക്കിയിരുന്നു. എന്നാൽ 240 ലക്ഷം രൂപയുടെ സിവിൽ പ്രവൃത്തികളും ഹൈ ടെൻഷൻ ട്രാൻസ്ഫോർമർ സ്ഥാപിക്കലുൾപ്പെടെ 40 ലക്ഷം രൂപയുടെ ഇലക്ട്രിക്കൽ പ്രവൃത്തികളും 30 ലക്ഷം രൂപയുടെ മെക്കാനിക്കൽ പ്രവൃത്തികളും കെ.എസ്.ഇ.ബി.എൽ.-ന്റെ ചാർജ്ജായ 20 ലക്ഷം രൂപയും ജി.എസ്.ടി.-യും ഉൾപ്പെടെ 330 ലക്ഷം രൂപയുടെ വിശദമായ പദ്ധതി രേഖയാണ് തയ്യാറാക്കിയിട്ടുള്ളത്. ബഡ്ജറ്റിലുൾപ്പെടുത്തിയതിലും അധികമായി 130 ലക്ഷം രൂപകൂടി ഈ പദ്ധതിക്കാവശ്യമായിട്ടുണ്ട്. അധിക ധനാനുമതിക്കായുള്ള പ്രൊപ്പോസൽ ചീഫ് എഞ്ചിനീയർ ജലസേചനവും ഭരണവും സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അധികധനാനുമതി അനുവദിക്കുന്ന വിഷയം സർക്കാരിൽ പരിശോധിച്ചുവരുന്നു.

ജലസേചന പദ്ധതികളുടെ നവീകരണം

154 (3860) ശ്രീ. തോമസ് കെ. തോമസ്:
ശ്രീ. കെ. ബി. ഗണേഷ് കുമാർ:
ശ്രീ. കെ. പി. മോഹനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിലുള്ള ജലസേചന പദ്ധതികൾ നവീകരിക്കുന്നതിന് സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ജലവിഭവ വകുപ്പിനുകീഴിലുള്ള വിവിധ ജലസേചന പദ്ധതികളുടെ നവീകരണത്തിനായി എല്ലാ വർഷവും പ്ലാൻ, നോൺ-പ്ലാൻ എന്നീ ശീർഷകങ്ങളിൽ വകയിരുത്തുന്ന തുക ഉപയോഗപ്പെടുത്തി പദ്ധതികൾക്കാവശ്യമായ നവീകരണ പ്രവൃത്തികൾ നടത്തിവരുന്നു. 2018, 2019 വർഷങ്ങളിലുണ്ടായ പ്രളയങ്ങളിൽ തകർന്ന ആസ്തി വകകളുടെ പുനർനിർമ്മാണ പ്രവൃത്തികൾക്കായി എസ്.ഡി.ആർ.എഫ്., റീബിൽഡ് കേരള എന്നീ ഫണ്ടുകൾ ഉപയോഗിക്കുന്നുമുണ്ട്. പദ്ധതി വിഭാഗം 2 കാര്യാലയത്തിനുകീഴിലെ ഡാമുകളുടെ നവീകരണത്തിനായി സ്വീകരിച്ചുവരുന്ന നടപടികൾ അനുബന്ധം 1 ആയും* IDRB കാര്യാലയത്തിൽ നിന്നുള്ള വിവരങ്ങൾ അനുബന്ധം 4 ആയും ചേർത്തിരിക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കാർഷിക മേഖലയുടെ വളർച്ചയ്ക്ക് പുതിയ ജലസേചന പദ്ധതികളാരംഭിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശമുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ കാർഷികമേഖലയുടെ വളർച്ചയ്ക്ക് കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് ജലസേചന സൗകര്യം വ്യാപിപ്പിക്കുന്നത് ലക്ഷ്യമിട്ട് പുതിയ പ്ലാൻ പദ്ധതികളിൽ 2021-2022 സാമ്പത്തിക വർഷത്തിൽ 7623 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. വിവിധ ജില്ലകളിൽ പദ്ധതികളാവിഷ്കരിച്ച് പ്രാധാന്യമനുസരിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പുതിയതായി ജലസേചന വകുപ്പ് കമ്മ്യൂണിറ്റി മൈക്രോ ഇറിഗേഷൻ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളാരംഭിച്ചിട്ടുണ്ട്. 2020-2021 സാമ്പത്തികവർഷത്തിൽ മൈക്രോ ഇറിഗേഷൻ പദ്ധതിയിലൂടെ ജലസേചനം കാര്യക്ഷമമാക്കുന്നതിലേയ്ക്കായി എറണാകുളം, കോഴിക്കോട്, കാസർഗോഡ്, വയനാട്, തൃശ്ശൂർ, ഇടുക്കി എന്നീ ജില്ലകളിലായി 12.03 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിൽ ഇടുക്കി ജില്ലയിലെ രാജകുമാരി പഞ്ചായത്തിലെ മുള്ളൻതണ്ടിൽ പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരുന്നു. വയനാട് ജില്ലയിൽ പദ്ധതി വിഭാഗം 1 കാര്യാലയം വഴി വിഭാവനം ചെയ്തിരിക്കുന്ന വിവിധ ഇടത്തരം ജലസേചന പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം II ആയും* KIIDC മുഖാന്തരം നടപ്പിലാക്കുന്ന പ്രവൃത്തികൾ അനുബന്ധം III ആയും* ഉൾപ്പെടുത്തിയിരിക്കുന്നു. പാലക്കാട് ജില്ലയിൽ കുരിയാർകുറ്റി-കാരപ്പാറ (SAKKIP) പദ്ധതിയും ഭവാനി ബേസിനിൽ അട്ടപ്പാടിവാലി ജലസേചന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. കുരിയാർകുറ്റി കാരപ്പാറ പദ്ധതിക്കായുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതിനായി M/s. Tata Consulting Engineers Limited, Mumbai എന്ന സ്ഥാപനവുമായി കരാറിലേർപ്പെട്ടിട്ടുണ്ട്. തുടർനടപടികൾ പുരോഗമിച്ചുവരുന്നു. അട്ടപ്പാടിവാലി ജലസേചന പദ്ധതിക്കായുള്ള ഡി.പി.ആർ. കേന്ദ്ര ജല കമ്മീഷന് സമർപ്പിച്ചിട്ടുണ്ട്. പദ്ധതി വിഭാഗം 2 കാര്യാലയത്തിനുകീഴിൽ മൂവാറ്റുപുഴ നദീതട ജലസേചന പദ്ധതിയുടെ ആയക്കെട്ടിനുപുറമെ അധികസ്ഥലത്ത് ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനുവേണ്ടി മൈക്രോ ഇറിഗേഷൻ പദ്ധതിയായി കൂറ്റത്തിനാൽ എൽ.ഐ. സ്കീമിന് 527 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. പാമ്പാർ പ്രോജക്ട്സ് ഡിവിഷൻ, പാല കാര്യാലയത്തിനുകീഴിൽ ഇടുക്കി ജില്ലയിൽ ദേവികുളം താലൂക്കിൽ കാന്തല്ലൂർ പഞ്ചായത്തിലെ കാർഷികമേഖലയുടെ വളർച്ചയ്ക്ക് വളരെയധികം പ്രയോജനപ്പെടുന്ന പദ്ധതിയായ പട്ടിശ്ശേരി ഡാമിന്റെ നിർമ്മാണം 2022 മാർച്ച് മാസം പൂർത്തീകരിക്കുന്ന രീതിയിൽ ദ്രുതഗതിയിൽ നിർമ്മാണ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രവർത്തനങ്ങൾ നടന്നുവരുന്നു. മറയൂർ പഞ്ചായത്തിലെ ലോവർ ചട്ട മൂന്നാർ ഡാമിന്റെയും വട്ടവട പഞ്ചായത്തിലെ ഒറ്റമരം ഡാമിന്റെയും പാരിസ്ഥിതിക ആഘാത പഠനങ്ങൾ നടത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പാലക്കാട് ജില്ലയിൽ ശിരുവാണി നദിയുടെ കുറുകെ ജലസേചനത്തിനായി അട്ടപ്പാടി ബ്ലോക്കിലെ അഗളി പഞ്ചായത്തിലെ ചിറ്റൂരിൽ ഒരു അണക്കെട്ട് നിർമ്മിച്ച് അഗളി, ഷോളയൂർ, കോട്ടത്തറ മേഖലയിലെ 4255 ഹെക്ടർ കൃഷി ഭൂമിക്ക് ജലസേചന സൗകര്യം (Gross Command Area 8738 Hq.) ചെയ്യുന്നതിലേയ്ക്കായി വിഭാവനം ചെയ്തിട്ടുള്ള പദ്ധതിയാണ് അട്ടപ്പാടി ജലസേചന പദ്ധതി. പ്രസ്തുത പദ്ധതിക്ക് കേന്ദ്ര ജല കമ്മീഷന്റെ അംഗീകാരത്തിനായുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

സംസ്ഥാന നദീതട അതോറിറ്റി

155 (3861) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നദികളുടെ പരിപാലനവും സംരക്ഷണവും ലക്ഷ്യമിട്ട് സംസ്ഥാന നദീതട അതോറിറ്റി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നദീജലവുമായി ബന്ധപ്പെട്ട എല്ലാ പ്രവർത്തനങ്ങളും ഏകീകരിക്കുന്നതിനും നദികളുടെ, ശരിയായ വിധത്തിലുള്ള സംരക്ഷണം, പരിപാലനം, പുനഃസ്ഥാപനം എന്നിവ ലക്ഷ്യമാക്കിയും റിവർ ബേസിൻ കൺസർവേഷൻ ആൻഡ് മാനേജ്മെന്റ് അതോറിറ്റി (RBCMA) രൂപീകരിക്കാൻ തത്വത്തിൽ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ഇതിനായുള്ള തുടർനടപടികൾ സ്വീകരിച്ചുവരുന്നതേയുള്ളൂ.

(ബി) കഴിഞ്ഞ വർഷത്തിലുണ്ടായ പ്രളയത്തെ തുടർന്ന് സംസ്ഥാനത്തെ ചില നദികളുടെ സ്വാഭാവിക ഒഴുക്ക് തടസ്സപ്പെടുകയും മറ്റ് ചിലത് ഗതിമാറി ഒഴുകുകയും ചെയ്യുന്നുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകാമോ?

2018-ലെ മഹാപ്രളയം, 2019-ലെ പ്രളയം എന്നിവയുടെ ഫലമായി സംസ്ഥാനത്തെ ചില നദികളുടെ സ്വാഭാവിക നീരൊഴുക്ക് തടസ്സപ്പെടുകയും ഗതിമാറി ഒഴുകുകയും ചെയ്തിട്ടുണ്ട്. അനിയന്ത്രിതമായ രൂപത്തിൽ നദികളിലേയ്ക്ക് ഒഴുകിയെത്തിയ ചളി/എക്കൽ/മണൽ/മറ്റ് മാലിന്യങ്ങൾ എന്നിവ ചേർന്നുണ്ടായ തടസ്സമാണ് സമീപപ്രദേശങ്ങൾ വെള്ളത്തിലാകുന്നതിനും നദീഭാഗങ്ങൾ/നദികളുടെ കൈവഴികൾ ഗതിമാറുന്നതിനും കാരണമായിത്തീർന്നത്. പ്രളയ

LIBRARY ARCHIVES Kerala Legislative Assembly